## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 615 — 08.03.2012-ൽ മറുപടിക്ക്

### സ്വാഭാവിക പ്രസവം സംബന്ധിച്ച ബോധവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, സണ്ണി ജോസഫ് :<br>,, അൻവർ സാദത്ത് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ആശുപത്രികളിൽ പ്രത്യേകിച്ച് സ്വകാര്യ ആശുപത്രികളിൽ സിസേറിയൻ പ്രസവം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ 2010-11-ൽ 157578 സിസേറിയനും 2011-12-ൽ 163496 സിസേറിയൻ കേസുകളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (ബി) സിസേറിയൻ പ്രസവചെലവ് പാവപ്പെട്ടവർക്ക് താങ്ങാൻ ബുദ്ധിമുട്ടായതിനാൽ, സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ ബോധവത്ക്കരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | (ബി) കഴിഞ്ഞ സാമ്പത്തികവർഷം (2010-11) സർക്കാർ ആശുപത്രികളിൽ അൻപത് ശതമാനത്തിലേറെ സിസേറിയൻ സെഷനുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ കേന്ദ്രീകരിച്ച് സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പത്രം, ടി.വി, റേഡിയോ എന്നീ മാധ്യമങ്ങളിലൂടെയുള്ള ആരോഗ്യസന്ദേശങ്ങൾ, തെരുവുനാടകങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവ എല്ലാ പഞ്ചായത്തുകളിലും നടത്തിവരുന്നു. കൂടാതെ ആശാപ്രവർത്തകർ, പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവർ വഴി വീടുവീടാന്തരം സന്ദേശം എത്തിക്കുന്നുണ്ട്. ഫ്ലിപ്പ് ബുക്കുകൾ, പോസ്റ്ററുകൾ ലീഫ്ലെറ്റുകൾ തുടങ്ങിയവ അച്ചടിച്ച് വിതരണം ചെയ്യു. ഇതിനെല്ലാം പുറമേ എ.എൻ.സി ക്ലിനിക്കുകളിൽ കൗൺസിലിങ്ങും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നു. പ്രസവം നടക്കുന്ന ആശുപത്രികളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസുകളിൽ സിസേറിയന്റെ എണ്ണം കുറയ്ക്കുവാൻ വേണ്ട ബോധവത്കരണത്തിനായി ഗൈനക്കോളജിസ്റ്റുമാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും, സിസേറിയന്റെ നിരക്കിനെപ്പറ്റി എല്ലാ മാസവും അവലോകനവും ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ നടത്തിവരുകയും ചെയ്യുന്നു. |
| (സി) സ്വകാര്യ ആശുപത്രികൾ സിസേറിയനെ പ്രോത്സാഹിപ്പിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ? | (സി) G.O.(Rt) No.1791/2011/H&FWD dt: 07.05.2011 പ്രകാരം സിസേറിയൻ നിരക്ക് കുറയ്ക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ